
# GHSS MEPPADI

## SCHOOL DIGITAL MAGAZINE

## 2023-24



# ആമുഖം

പരിസ്ഥിതി സവിശേഷതകൾ ഒരുപാട് സമ്പന്നമായ മേപ്പാടിയുടെ പ്രാദേശിക ചരിത്രം.അതി വിപുലമാണ് സാമ്പത്തികമായി പിന്നോക്കം നിന്നിരുന്ന ഈ തോട്ടം മേഖല പിന്നീട് എങ്ങനെയാണ് ഈ കാണുന്ന വികസനത്തിന്റെ നാൾ വഴികളിലേക്ക് എത്തിച്ചേർന്നതെന്നും വിദ്യാഭ്യാസത്തിന്റെയും ആരോഗ്യകേന്ദ്രത്തിന്റെയും വ്യാപാരപുരോഗതിയുടെയും മുന്നേറ്റത്തെക്കുറിച്ച് ഒന്നുകൂടി ഓർമ്മിപ്പിക്കുകയാണ് ഈ പ്രാദേശിക ചരിത്രരചനയിലൂടെ ലക്ഷ്യമിടുന്നത്.അതിന്റെ ഓരോ നാൾ വഴികളിലൂടെയും നമുക്കൊന്ന് സഞ്ചരിക്കാം.........

## മേപ്പാടിയുടെ മടിത്തട്ടിൽ

പശ്ചിമഘട്ട മലനിരകളുടെ പടിഞ്ഞാറേ ചരിവിലാണ് വയനാട് ജില്ല സ്ഥിതി ചെയ്യുന്നത്.വയനാട്ടിലെ ഏറ്റവും വലിയ പരിസ്ഥിതി സവിശേഷതകൾ ഉൾക്കൊള്ളുന്ന പ്രദേശമാണ് മേപ്പാടി.ഇക്കോ ടൂറിസത്തിന്റെ സ്വകാര്യതയാണ് മേപ്പാടി സഞ്ചാരികളുടെ ഇഷ്ട കേന്ദ്രമാക്കുന്നത്.ഇവിടെ സന്ദർശിച്ച വിദേശികൾ തങ്ങളുടെ നാടുകളിൽ വയനാടൻ സൗന്ദര്യത്തെക്കുറിച്ച് ഉള്ള വിവരണങ്ങൾ പ്രസിദ്ധീകരിച്ചതും സന്ദർശകരുടെ എണ്ണം വർദ്ധിക്കാൻ ഇടയാക്കി.വിനോദ സഞ്ചാരികളുടെ ബൈബിൾ എന്നറിയപ്പെടുന്ന ലോൺലീപ്ലാനറ്റ് എന്ന പുസ്തകത്തിലും മേപ്പാടിയെ കുറിച്ച് വിശദമാക്കുന്ന
ണ്ട്.മേപ്പാടിയുടെ തെക്ക്പടിഞ്ഞാറ്

ചെമ്പ്രമലനിരകളും പടിഞ്ഞാറ് വൈത്തിരി മലകളും ബാണാസുര മലകളും വടക്ക് കമ്പമലയും വടക്ക് കിഴക്ക് ബ്രഹ്മഗിരി മലകളുമാണ് സ്ഥിതി ചെയ്യുന്നത്.



## സ്ഥലനാമപുരാണം

**ചെമ്പ്രപീക്കിന്റെ മേലെയും താഴെയും എസ്റ്റേറ്റ് പാടികളായിരുന്നു.ഈ പാടികളെ പൊതുവെ മേലെപ്പാടി എന്നാണ് വിളിച്ചിരുന്നത്.അങ്ങനെ ഈ മേലെപ്പാടി ലോപിച്ചാണ് മേപ്പാടിയായി മാറിയത്.**

## വിദ്യാലയ ചരിത്രം

### ഗവ.ഹൈസ്ക്കൂൾ മേപ്പാടി

പശ്ചിമഘട്ട ഭാഗമായ ചെമ്പ്രയുടെ താഴ്വാരത്ത് സ്ഥിതിചെയ്യുന്ന മേപ്പാടി ഗവൺമെന്റ് ഹയർ സെക്കന്ററി സ്ക്കുൾ ഇന്ത്യയുടെ സ്വാതന്ത്ര്യപ്രാപ്ത്തിക്കുശേഷം 1962 ജൂൺ നാലാം തിയ്യതി സ്ഥാപിതമായി.തുടക്കത്തിൽ എട്ടാം തരത്തിൽ 47 കുട്ടികളുമായി പ്രവർത്തനം ആരംഭിച്ച ഈ വിദ്യാലയത്തിലെ പ്രഥമ അധ്യാപകനായി ചുമതല വഹിച്ചിരുന്നത് വർഗീസ് മാത്യു സർ ആയിരുന്നു.സാമൂഹിക രാഷ്രീയ രംഗത്തെ നിരവധി പ്രമുഖർ ഈ വിദ്യാലയത്തിൽ വഹിച്ചവരാണ്.



# അറിവിൻ ശോഭ

കവിത

അക്ഷര നിധിയിൽ നിന്നും നാം
അറിവിൻ മുത്തുകൾ വാരേണം
പുസ്തകമെന്നൊരു വഴികാട്ടി
ഉത്തമനായൊരു വഴികാട്ടി
അറിയുക നമ്മൾ ലോകത്തെ
വായന  എന്നൊരു കർമ്മത്താൽ
വായിച്ചങ്ങനെ വളരേണം
നേടണമെന്നും  വിജ്ഞാനം
ജ്ഞാനത്തിൽ പ്രഭ വിതറേണം
അജ്ഞത എന്നും വെടിയേണം
അറിവിൻ ശോഭ പരക്കട്ടെ........

Safeela nasrin 6th A

# ഗുരുവിന്റ് സമ്മാനപ്പൊതി

കഥ

ഡിസംബറിന്റെ മരംകോച്ചുന്ന തണുപ്പിൽ ഗ്രാമം മൂടിപ്പുതച്ച് ഉറക്കത്തിലാണ്.അവൾ ജനാലയിലൂടെ പുറത്തേക്ക് നോക്കി.അടുത്ത വീടുകളിലെല്ലാം മിന്നിത്തിളങ്ങുന്ന നക്ഷത്രങ്ങൾ.അലങ്കരിച്ച ക്രിസ്മസ് ട്രീകൾ.പല വർണ്ണത്തിലുള്ള ബൾബുകൾ.രാത്രി പതിവിലും സുന്ദരി ആയതുപോലെ അവൾക്ക് തോന്നി.എങ്കിലും എവിടെയോ ഒരു നീറ്റൽ.തന്റെ വീടിന് മുമ്പിലും ഒരു നക്ഷത്രം വേണമായിരുന്നു.ജീവിതത്തിന്റെ രണ്ടറ്റവും കൂട്ടിമുട്ടിക്കാൻ എന്നും നക്ഷത്രം എണ്ണുന്ന മാതാപിതാക്കൾക്ക് മുമ്പിൽ അവൾ തന്റെ മോഹങ്ങളടക്കി. സ്ക്കൂളിൽ ക്രിസ്മസ് ആഘോഷത്തിന്റെ തിരക്കിലാണ് എല്ലാവരും. അവൾക്ക് വലിയ സന്തോഷമൊന്നും തോന്നിയില്ല.ഉച്ചയ്ക്ക് ക്രിസ്മസ് ഫ്രണ്ട് കൈമാറലായിരുന്നു.എന്റെ ഫ്രണ്ട് നമ്മുടെ ക്ലാസ്സിലെ സ്റ്റാറായ ലില്ലി ആണ്.ടീച്ചർ ഒരു കുഞ്ഞ് സമ്മാനപ്പൊതിയും അവളുടെ നെറുകയിൽ ഒരു ചുംബനവും നൽകി.മറ്റ് കുട്ടികൾ അസൂയയോടെ അവളെ നോക്കി.വൈകിട്ട് തിടുക്കത്തിൽ അവൾ വീട്ടിലേക്കോടി.ആഹ്ലാദത്തോടെ സമ്മാനപ്പൊതിയിലേക്ക് നോക്കി,ഒരു വലിയ നക്ഷത്രം ! അവളുടെ കണ്ണുകൾ നക്ഷത്രത്തെ പോലെ തിളങ്ങി.അവളറിയാതെ ഹൃദയത്തിൽ മന്ത്രിച്ചു..... മാതാ....പിതാ....ഗുരു....ദൈവം!

Hana fathima.k IX E

കവിത

# അന്ത്യം

ആറ്റിൻ വരമ്പത്ത് കാത്തു നിൽക്കും
എന്നുടെ കൂട്ടുകാർ എങ്ങുപോയി
പുഞ്ചിരി തൂകും വയലുകളും
പൂമഴ പെയ്യുന്ന കാടുകളും
എല്ലാം വെറും ഓർമയായി......

പൂവിന്റെ മധുരം നുകർന്ന് നിൽക്കേ
കലപില പാടി പോകുന്ന പക്ഷികൾ
കമ്പികൾ കൊണ്ട് ബന്ദനസ്തനാ ശ്യാൻ
അതിന്റെ നീറ്റലുകൾ...........
അലറുന്നതും ഞാൻ കേൾക്കേ.............

ചിരിക്കുന്ന പ്രകൃതി തൻ
പുഞ്ചിരി മായുന്നതും ഞാൻ കണ്ടു
അംബരമാകെ ഇരുണ്ടു ജ്വലിച്ചു
ഭൂമി തൻ മൂടികൾ പാറിപറന്നു
കെട്ടഴിഞ്ഞ് വീണ മുടിയുടെ
ഗന്ധം ആകെ പടർന്നു..........

കണ്ണു നീർ തടയാൻ കഴിയാതെ
കരഞ്ഞു ഭൂമി ഒരുപാട്
എന്തിനെന്നറിഞ്ഞില്ല
വീണ്ടും ഒരലർച്ച
ഹൃദയം തകർന്ന പോലെ

Amana10thG

# गुरु. . . .

HANA FATHIMA

पानी के बिना नदी
बेकार है
अतिथियों के बिना आंगन
बेकार है
प्रेम न हो तो सगे- संबंधी
. बेकार है
पैसा न हो तो पाकेट
बेकार है
जीवन मे गुरु न हो तो जीवन
बेकार है
जीवन मे गुरु ज़रूर है
लेकिन ! ! ! ! गुरु नही है. . . .

# Education

Education plays a very important role in one's life. It helps us to be successful and to be a better person.
Education improves our knowledge, skills, confidence level and personality. It empowers us intellectually and helps us to deal with problems. In today's competitive world, good education has become a necessity. Higher education helps in getting a good job and position. Education also prepares people for different life experiences. It helps people to have a special status in society. Moreover, education polishes our mind and strengthens our character. Education helps us to take right decisions. It is the key to success in personal as will as professional life.
It makes us smart enough to handle tough situations and to live a happy life. A person having good education becomes good citizen of the country. A country can grogress well if it's citizen are will educated. Education helps to grow in life. Many successful people and nations. Above all, it helps in building a better society for the citizen of a nation
It helps to eliminate the darkness of ignorance and bring light to the world.

# ഉണ്ണിക്കുട്ടൻ

ഒരിടത്ത് ഒരിടത്ത് ഒരു അമ്മയും മകനും ഉണ്ടായിരുന്നു ഉണ്ണിക്കുട്ടൻ എന്നായിരുന്നു മോന്റെ പേര്  അവൻ മഹാ വി കൃതിയായിരുന്നു കോഴിയെ പിടിച്ച് അതിന്റെ തല പിടിച്ച് ഗ്യാസ്കുറ്റിയുടെ ഹോളിൽ കയറ്റി ഇറക്കുക മണ്ണപ്പം ചുട്ട് കളിച്ച് ആ മണ്ണ് തിന്നുക അമ്മ ചോദിച്ചാൽ പറയും അമ്മ പറഞ്ഞിട്ടില്ലെ അപ്പം കളയരുതെന്ന് അതു കൊണ്ടാ തിന്നേ എന്ന് ഒരു ദിവസം ഉണ്ണിക്കുട്ടൻ മുറ്റത്ത് കളിച്ചു കൊണ്ടിരിക്കുകയായിരുന്നു പെട്ടെന്ന് ആകാശം മുഴുവൻ ഇരുണ്ട് മൂടി വരുകയായിരുന്നു മോനെ അകത്തുവരു മഴപെയ്യാൻ പോവുകയാ അടുക്കളയിൽ നിന്ന് വിളിച്ചു പറഞ്ഞു : അവൻ അകത്തുകയറി  പെട്ടെന്ന് മഴ പെയ്യാൻ തുടങ്ങി തവളകൾ വെള്ളത്തിലൂടെ ചാടി ചാടി പോയി അവന്റെ കൂട്ടുകാർ  അവനെ വിളിക്കാൻ വന്നു അവൻ പറഞ്ഞു: ടാ നീ വരുന്നുണ്ടോ വയലിൽ വെള്ളം കയറി മീൻ പിടിക്കാൻ വരുന്നുണ്ടോ

അവൻ അമ്മയോട് അനുവാദം ചോദിച്ചു :ഞാൻ ഇവരുടെ കൂടെ മീൻ പിടിക്കാൻ പോകട്ടെന്ന്

അമ്മ പറഞ്ഞു: വേണ്ട നിനക്ക് പനി പിടിക്കും

ഇല്ലടാ നിങ്ങൾ പോയിക്കോ അമ്മവിടില്ല

അയ്യേ നീ ഇങ്ങനെ അമ്മേയുടെ സാരി തുമ്പിൽ പിടിച്ച് നടന്നോ എന്നാൽ ഞാൻ വരുന്നുണ്ട് അവൻ പറഞ്ഞു അവഅവൻ കുടയും എടുത്ത് അവരുടെ കൂട്ടത്തിൽ പോയി ശക്തമായി കാറ്റടിച്ചു അവന്റെ കുട പറന്നു പോയി അവൻ നന്നായിമഴ നനഞ്ഞു മീനെയും പിടിക്കാൻ പോയി അയ്യോ! നേരം ഇത്രയായോ ഞാൻ പോവുകയാ എന്ന് പറഞ്ഞ് അവൻ പോയി അമ്മ കാണാതെ എങ്ങനെലും വീട്ടിൽ കയറണം അവൻ മനസ്സിൽ മന്ത്രിച്ചു അവൻ തക്കം നോക്കി അകത്ത് കയറി ടൈലിൽ കാല് വഴുതി അവൻ വീണു അവൻ മിണ്ടാതെ വേഗം പോയി കുളിച്ചു പിറ്റേ ദിവസം അവൻ സക്കൂളിൽ പോവാൻ കഴിഞ്ഞില്ല കാരണം അവന് പനി പിടിച്ചു നീ ഇന്നലെ ഞാൻ പറഞ്ഞത് അനുസരിക്കാതെ മഴയത്ത് കളിക്കാൻ പോയിലെ അവന് കുറെ ചീത്ത കേട്ടു അമ്മ പറഞ്ഞത് അനുസരിച്ചാൽ മതിയായിരുന്നു മീനും കിട്ടിയില്ല എന്നാൽ ചീത്ത നല്ലോണം കിട്ടി അവൻ വിഷമത്തോടെ സ്വയം പറഞ്ഞു

CONCEPT AND VISUALISATION

JAPALAL SINGH S I T C

NISHA K LKM

VINEETHA CHANDRAN LKM

9 TH CLASS STUDENTS

COVER DESIGN

HANA FATHIMA 9

THANK YOU